ഉത്തരം

(എ) കാസർഗോഡ് ഐ.ടി.സി. എന്ന പേരിൽ ഒരു സ്ഥാപനം നിലവിലില്ല. എന്നാൽ കാസർഗോഡ് ഐ.ടി.ഐ.യിൽ ഇലക്ട്രീഷ്യൻ, എം.എം.വി., സർവ്വേയർ, ഡി./സിവിൽ, സ്റ്റെനോ (ഇംഗ്ലീഷ്) എന്നീ ട്രേഡുകളിൽ പരിശീലനം നൽകുന്നുണ്ട്.

(ബി) സർക്കാരിൽ നിന്നുള്ള 28-9-2004-ലെ ജി.ഒ. (എംഎസ്.) 53/04/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം കാസർഗോഡ് ഐ.ടി.ഐ.യെ ഒന്നാംനിര ഐ.ടി.ഐ. ആക്കി ഉയർത്തുകയും പുതുതായി 39 തസ്തികകൾ സൃഷ്ടിക്കുകയും ആറ് ദീർഘകാല കോഴ്സുകളും നാല് ഹ്രസ്വകാല കോഴ്സുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

തൊഴിൽ തർക്ക കേസ്സുകൾ

49 [3563] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തൊഴിൽ തർക്ക കേസ്സുകൾ ഏതെല്ലാം കോടതികളിൽ നടന്നുവരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) കേസ്സുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 4 ലേബർ കോടതികളിലായി 1307-ഉം, 5 ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകളിലുമായി 871 തൊഴിൽ തർക്കങ്ങളും നിലവിലുണ്ട്.

(ബി) & (സി) കോടതികളിലേക്ക് അഡ്ജ്യൂഡിക്കേഷനുവേണ്ടി തൊഴിൽ തർക്കം റഫർ ചെയ്യുന്ന സർക്കാർ ഉത്തരവിൽതന്നെ കേസ് 3 മാസത്തിനകം തീർപ്പുകൽപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി.യുടെ ഭരണസംവിധാനം ശക്തിപ്പെടുത്താൻ നടപടി

50 [3564] *ശ്രീ. എ. സി. മൊയ്തീൻ:*

,, *എം. പ്രകാശൻ മാസ്റ്റർ:*

,, *മത്തായി ചാക്കോ:*

,, *വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും, വാഹന വ്യൂഹത്തിന്റെ ഉപയുക്തത വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly